ഗ്രാമീണറോഡുകൾ.

*47. MR. K. SARANGADHARAN : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

പബ്ലിക്കുറോഡുകൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ള സ്ഥലം പൊതുജനങ്ങൾ ഗവണ്മെൻറിലേക്ക വിട്ടുതന്നാൽ അങ്ങനെയുള്ള സ്ഥലത്തു താമസിയാതെ റോഡ് ഇട്ടുന്നതിനു ഗവണ്മെൻറു ഉത്സാഹിക്കുമോ.

HON'BLE MR. K. R. ELANKATH : അങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ റോഡിന് ആവശ്യമായി വരുന്ന 4 അടി വീതിയിലുള്ള സ്ഥലം ഗവണ്മെൻറിലേക്ക വിട്ടുകൊടുക്കുകയും ആയതിലേക്കാവശ്യമായ മണ്ണുവേല (earth work) ചെയ്ത് കൊടുക്കേണ്ടതുമാണ്. അങ്ങനെ ചെയ്യുന്നപക്ഷം ഗവണ്മെൻറ് ആ റോഡ് ഏറെറടുക്കുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങുന്നതായിരിക്കും.

MR. A. P. UDAYABHANU : ഈ വിധത്തിലുള്ള അപേക്ഷകൾ ഒട്ടധികം ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ ?

HON'BLE MR. K. R. ELANKATH : ഉണ്ട്.

MR. K. A. MATHEW : റോഡുകൾക്കായി സ്ഥലമെടുത്തു ഗവണ്മെൻറിനെ ഏൽപ്പിക്കുകയും, എന്നാൽ അതിനുവേണ്ടി യാതൊരു നടപടികളും ഇതുവരെ നടത്തിയിട്ടില്ലാത്തതും ആയി ഗവണ്മെൻറിനറിയാമോ.

HON'BLE MR. K. R. ELANKATH : അങ്ങനെ വരുന്നതിനും ന്യായമുണ്ട്. എന്നാലും അവകളെപ്പററി ആലോചിച്ച് വേണ്ടതു പ്രവർത്തിക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : തിരുവിതാംകൂറിൻെറ മികച്ച ഭാഗത്തുനിന്നും റോഡുകളും കിണറുകളും ഉണ്ടാക്കിത്തരണമെന്നുകാണിച്ചു അനവധികാലം കൊണ്ടേ പരാതികൾ ബോധിപ്പിച്ചിട്ടുള്ളതു് മെംബർക്കറിയാമോ?

HONB'LE MR. K. R. ELANKATH : അറിഞ്ഞുകൂടെന്നു പറയാൻ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly